# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 710** **29/10/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ടു വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിനു മുമ്പ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിയ്ക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു.<br><br>ലയന പ്രമേയം ജനറൽ ബോഡിയിൽ കേവല ഭൂരിപക്ഷത്തോടെ പാസ്സാക്കിയിട്ടുള്ള (മലപ്പുറം ഒഴികെയുള്ള) 13 ജില്ലാസഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14A ഭേദഗതി സംബന്ധിച്ചുള്ള കേസുകളിലെ ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായി ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ചുവരുന്ന വായ്പാ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുമെന്നുള്ള കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | കേരള ബാങ്ക് രൂപീകരിക്കുന്നതോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ചു കൊണ്ടിരിക്കുന്ന വായ്പാ ആനുകൂല്യങ്ങൾക്കൊന്നും തടസ്സം ഉണ്ടാകുന്നതല്ല. |
| (സി) | കേരള ബാങ്ക് രൂപീകരണത്തിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ ആദായ നികുതി പരിധിയിൽ ഉൾപ്പെടുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരള ബാങ്ക് രൂപീകരിക്കുന്നു എന്ന കാരണത്താൽ പ്രാഥമിക സഹകരണ ബാങ്കുകൾ ആദായ നികുതി പരിധിയിൽ വരുകയില്ല. |
| (ഡി) | കേരള ബാങ്കിനെതിരെ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കേസുകൾ ബാങ്ക് രൂപീകരണത്തിന് മുമ്പ് അവസാനിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേരള ബാങ്കുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ നിലവിലുണ്ട്. പ്രസ്തുത കേസ്സുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസുകളുടെ പട്ടിക ഇതോടൊപ്പം **ഉള്ളടക്കം** ചെയ്യുന്നു. |
| (ഇ) | ജില്ലാ സഹകരണ ബാങ്കുകളുടെ അസറ്റ് വാലേഷൻ, ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ഇ) | ജില്ലാ സഹകരണ ബാങ്കുകളുടെ അസ്സറ്റ് വാല്യുവേഷൻ ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച കമ്മിറ്റികളുടെ റിപ്പോർട്ട് അന്തിമമായിട്ടില്ല. |
| (എഫ്) | കേരള ബാങ്കിന്റെ രൂപീകരണത്തോടുകൂടി നിലവിലെ സഹകരണ സംഘങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്ന എന്തെല്ലാം സൗകര്യങ്ങളാണ് ഉപഭോക്താക്കൾക്ക് നഷ്ടമാകുന്നതെന്ന് വെളിപ്പെടുത്താമോ? | (എഫ്) | കേരള ബാങ്ക് രൂപീകരണത്തോടെ സഹകരണ സംഘങ്ങളിൽ നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഒരു സൗകര്യവും ഉപഭോക്താക്കൾക്ക് നഷ്ടമാവുകയില്ല. മാത്രമല്ല ഡിജിറ്റൽ ബാങ്കിംഗ് അടക്കമുള്ള കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**